# Malayala Manorama

# 10 August 2018

# Kolenchery: Flood Disaster, death

## വലിയതോട്ടിൽ ഇറങ്ങിയ രണ്ട് വിദ്യാർഥികൾ മുങ്ങിമരിച്ചു

**മനോരമ ലേഖകൻ**

കോലഞ്ചേരി • ഐരാപുരം തണ്ടുപാലത്തിനു സമീപം വലിയതോട്ടിൽ ഇറങ്ങിയ രണ്ടു പ്ലസ് ടു വിദ്യാർഥികൾ ഒഴുക്കിൽപെട്ടു മരിച്ചു. തൃക്കളത്തൂർ കൊല്ലേരിമുഖത്തിൽ ജിജിയുടെ മകൻ ഗോപീകൃഷ്ണൻ (17), ഐരാപുരം അംബികാമഠത്തിൽ വാടകയ്ക്കു താമസിക്കുന്ന കൊച്ചി കണ്ടക്ടേവ് കോയിൽപറമ്പിൽ സുനിൽ തോമസിന്റെ മകൻ അലൻ (17) എന്നിവരാണു മരിച്ചത്. ഇരുവരും കീഴില്ലം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ സയൻസ് വിദ്യാർഥികളാണ്.

ഇന്നലെ ഉച്ചയ്ക്കു പന്ത്രണ്ടരയോടെയായിരുന്നു സംഭവം. മറ്റൊരു കുട്ടികാനോടൊപ്പം ഇരുവരും കുളിക്കാനും പുഞ്ചയിടാനുമായി ഇവിടെ എത്തിയതാണ്. ആദ്യം ഒഴുക്കിൽപെട്ടയാളെ രക്ഷിക്കാനുള്ള ശ്രമത്തിൽ രണ്ടാമത്തെയാളും മുങ്ങിപ്പോകുകയായിരുന്നു. കരയിലുണ്ടായിരുന്ന സുഹൃത്ത് കരഞ്ഞു ബഹളംകൂട്ടിയതോടെ റോഡിലൂടെ പോയവരും നാട്ടുകാരുമെത്തി തിരച്ചിൽ തുടങ്ങി. പിന്നീടു ഞായറാഴ്ച അഗ്നിരക്ഷാസേനയും നാട്ടുകാരും ചേർന്ന് ഒന്നരയോടെ ഇരുവരെയും കണ്ടെടുത്തു കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സ്ഥിരീകരിച്ചു.



ഐരാപുരത്തു മുങ്ങിമരിച്ച അലൻ, ഗോപീകൃഷ്ണൻ.

പോസ്റ്റുമോർട്ടത്തിനുശേഷം ഇരുവരുടെയും മൃതദേഹങ്ങൾ ബന്ധുക്കൾക്കു വിട്ടുകൊടുത്തു. ഗോപീകൃഷ്ണന്റെ പിതാവ് ജിജി മണ്ണൂരിൽ വ്യാപാരിയാണ്. മാതാവ് ബിജി (സിവേകാന്ത പബ്ലിക് സ്കൂൾ, കടാതി). സഹോദരൻ: ജയകൃഷ്ണൻ. ടിജിയാണ് അലന്റെ മാതാവ്. സഹോദരൻ: ജിബിൻ.

അലന്റെ സംസ്കാരം ഇന്നു 11നു നെടുങ്ങപ്ര യാക്കോബായ സാക്ഷികളുടെ സെമിത്തേരിയിൽ. ഗോപീകൃഷ്ണന്റെ സംസ്കാരം 12ന്. ഇരുവരുടെയും മൃതദേഹം രാവിലെ 8 മുതൽ 9.30 വരെ കീഴില്ലം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ പൊതുദർശനത്തിനു വയ്ക്കും.

**രണ്ട്, പത്ത്, തട്ടാരമ്പലം പേജുകൾ കാണുക**